**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6675** **21-03-2023 - ൽ മറുപടിയ്ക്ക്**

**പൈതൃക ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി പ്രദർശിപ്പിക്കുന്നതിനുള്ള സ്പൈസസ് റൂട്ട് പദ്ധതി ഉൾപ്പെടെയുള്ള പൈതൃക ടൂറിസം പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പൈതൃക ടൂറിസം പദ്ധതികൾ താഴെ പറയുന്നു.<br><br>**മുസിരീസ് പൈതൃക പദ്ധതി** :<br><br>പൗരാണിക തുറമുഖമായ മുസിരിസിന്റെ ചരിത്രപരവും സാംസ്കാരികപരവുമായ നേർകാഴ്ചയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപംകൊടുത്ത പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. സഹസ്രാബ്ദങ്ങൾക്കു മുൻപേ കേരള തീരപ്രദേശവും അവിടുത്തെ ആവാസ വ്യവസ്ഥയും സവിശേഷമായ പാരമ്പര്യം പിന്തുടർന്നു പോന്നിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മുസിരിസ്, നെല്ക്കിണ്ട, തിണ്ടിസ് പോലുള്ള ആദ്യകാല തുറമുഖങ്ങളും കൊല്ലം, പൊന്നാനി, തലശ്ശേരി ആലപ്പുഴ തുടങ്ങിയ പിൽക്കാല തുറമുഖങ്ങളും ലോകവ്യാപാരികളെ ആകർഷിച്ചിട്ടുള്ളവയാണ്. ഇത്തരം പൗരാണിക തുറമുഖങ്ങളുടെ പൈതൃക അവശേഷിപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പിന്റെ കീഴിൽ 2009 ൽ രൂപം നൽകിയ ആദ്യത്തെ പൈതൃകസംരക്ഷണ പദ്ധതിയാണ് മുസിരിസ് പൈതൃകപദ്ധതി. വിനോദം മാത്രമല്ല പൈതൃകസംരക്ഷണം, പുന:സ്ഥാപനം, ചരിത്രപഠനം, പരിസ്ഥിതി സംരക്ഷണം, ഗവേഷണം, കരകൗശല-കലാരൂപങ്ങളുടെ വികസനം, പരമ്പരാഗത തൊഴിലുകൾ, മറ്റ് സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലും ഒരു വലിയമാറ്റം വരുത്തുക എന്ന സുപ്രധാന ഉദ്ദേശലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ പദ്ധതി നിലവിൽ ഇന്ത്യയിലെ പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃകയാണ്. |

**ആലപ്പുഴ പൈതൃക പദ്ധതി**

വിശാലമായ അറബിക്കടലിന്റെയും അതിലേക്കൊഴുകുന്ന നദീശൃംഖലയുടെയും ഇടയിലായി സ്ഥിതി ചെയ്യുന്ന ആലപ്പുഴയ്ക്ക് ഒരു ശ്രേഷ്ഠമായ പൂർവ്വകാല ചരിത്രം ഉണ്ട്. 'കിഴക്കിന്റെ വെനീസ് ' എന്ന് കഴ്സൺ പ്രഭു വിളിച്ച ആലപ്പുഴയിൽ തുറമുഖം, കടൽപ്പാലം, കനാലുകൾ, ചരിത്രം വിളിച്ചോതുന്ന നൂറ്റാണ്ടുകളുടെ കഥ പറയുന്ന സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, കയർ ഫാക്ടറികൾ, എന്നിവ നിലനിൽക്കുന്നു. ഇവയുടെ പുനരുദ്ധാരണവും തദ്വാര ആലപ്പുഴ പട്ടണത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കുവാനുള്ള സമഗ്രമായ ശ്രമവുമാണ് ആലപ്പുഴ പൈതൃക പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

**തലശ്ശേരി പൈതൃക ടൂറിസം പദ്ധതി**

ഉത്തര മലബാറിലെ കണ്ണൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന തലശ്ശേരി എന്ന പട്ടണം അതിന്റെ സമുദ്ര സാമിപ്യം, ഫ്രഞ്ച് കാരുടെയും ബ്രിട്ടീഷുകാരുടെയും അധിനിവേശം എന്നിവ കൊണ്ട് തന്നെ പുരാതനകാലം മുതൽക്കേ വിവിധ സംസ്കാരങ്ങളുടെ സമ്മിശ്രണത്താൽ സമ്പന്നമാണ്. ഇവയിൽ പലതും കാലക്രമേണ നാഗരികതയുടെ കടന്ന് വരവിൽ വിസ്മൃതിയിലാഴ്ത്തപ്പെട്ടു. പഴയ തലശ്ശേരി തുറമുഖത്തെ ഒരു പ്രഭവ കേന്ദ്രമാക്കി പൗരാണിക കേരളത്തിന്റെ സാമൂഹ്യവും സാംസ്കാരികവും ചരിത്രപരവുമായ മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക വഴി തലശ്ശേരിയെ ഒരു പൈതൃക കേന്ദ്രമാക്കുക എന്ന ലക്ഷ്യമായാണ് വിനോദസഞ്ചാര വകുപ്പ് തലശ്ശേരി പൈതൃക പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി**

തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ തലസ്ഥാന നഗരിയിലെ 30 പൈതൃക കെട്ടിടങ്ങളിൽ അവയുടെ പൗരാണികതയും വാസ്തുവിദ്യയും വെളിവാകത്തക്ക വിധത്തിൽ ദീപാലംകൃതമാക്കുന്നതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . 18 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ നടന്നു വരുന്നു .

| | | | |
|---|---|---|---|
| (ബി) | മലബാർ മേഖലയുടെ ചരിത്രം, കല, സംസ്കാരം എന്നിവ അനുഭവവേദ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ രണ്ട് ഘട്ടങ്ങളിലായി ചുവടെ ചേർക്കുന്ന 14 പദ്ധതികൾ ഉൾപ്പെടുന്നു .<br><br>1. കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഏഡ് സ്ട്രീറ്റ് & സ്കൾപ്ച്ചർ പാർക്ക് – പൂർത്തീകരിച്ചു.<br>2. കൺസർവേഷൻ ഓഫ് ഓൾഡ് ഫയർടാങ്ക് & ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ & ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെയങ്ങാടി – പൂർത്തീകരിച്ചു.<br>3. കൺസർവേഷൻ ഓഫ് റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലാവ് ആസ് ലാംഗേജ് മ്യൂസിയം & ജർമ്മൻ സ്റ്റഡി - പൂർത്തീകരിച്ചു.<br>4. കൊട്ടിയൂർ ടെമ്പിൾ ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ് - പൂർത്തീകരിച്ചു.<br>5. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് സ്ട്രീറ്റ് ഡവലപ്മെന്റ് - പൂർത്തീകരിച്ചു.<br>6. താഴെ അങ്ങാടി സ്ട്രീറ്റ് ഡവലപ്മെന്റ് - പൂർത്തീകരിച്ചു .<br>7. തൊടീക്കളം ടെമ്പിൾ - ഡവലപ്മെന്റ് ഓഫ് മ്യൂസിയം - കെട്ടിടം പണി - പൂർത്തീകരിച്ചു .<br>8. തലശ്ശേരി പൈതൃക പദ്ധതി - വേ ഫൈൻഡിങ് സൈനേജസ് - പ്രവൃത്തി ആരംഭിച്ചിട്ടില്ല. സൈനേജ് മാതൃകകൾ നിർമ്മാണ ഏജൻസി തയ്യാറാക്കിയിട്ടുണ്ട് .<br>9. ഗുണ്ടർട്ട് ബംഗ്ലാവ് - മ്യൂസിയം കംപോണന്റ്സ് - പൂർത്തീകരിച്ചു.<br>10. ഡെവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂസിക് - പൂർത്തീകരിച്ചു .<br>11. മൃദംഗ ശൈലേശ്വരി - ഡെവലപ്മെന്റ് ഓഫ് പഴശ്ശി മ്യൂസിയം & ഗ്യാലറി - കെട്ടിടം പണി - പൂർത്തീകരിച്ചു .<br>12. ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ഓഫ് ആർട്ട് റിനൈസ്സൻസ് ആന്റ് സോഷ്യൽ റിഫോംസ് - ആരംഭിച്ചിട്ടില്ല . ഈ പ്രവ◌ൃത്തിക്ക് 4,98,45,267/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട് .<br>13. വള്ളിയൂർക്കാവ് മാർക്കറ്റ് & എക്സിബിഷൻ സെന്റർ (വയനാട് ) - പൂർത്തീകരിച്ചു .<br>14. മാവിലാംതോട് പഴശ്ശി സ്മൃതി മണ്ഡപം (വയനാട്) – പ്രവ◌ൃത്തി ആരംഭിച്ചിട്ടില്ല . ഈ പദ്ധതിയ്ക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമുണ്ട് . |

**കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.**

തലശ്ശേരി ഹെറിറ്റേജ് പദ്ധതിയ്ക്കായി സ.ഉ. (സാധാ) നം 353/2019/TSM dtd. 24.10.2019 ഉത്തരവ് പ്രകാരം 145.541 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് ഈ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. രണ്ട് ഘട്ടങ്ങൾക്കുമായി 78.162 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയുടെ SPV യായി M/s. Kerala Irrigation Infrastructure Development Corporation (KIIDC) നെയാണ് തെരഞ്ഞെടുത്തത്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 40.95 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**<u>പുരോഗമിക്കുന്ന ഘടകങ്ങൾ-7 എണ്ണം</u>**

ജഗന്നാഥ ക്ഷേത്രം -85% പൂർത്തീകരിച്ചു.

പിൻഡാലി കളരി ഹൗസ് – 85% പൂർത്തീകരിച്ചു.

കൊട്ടിയൂർ ശിവ ക്ഷേത്രം – ടൂറിസ്റ്റ് അമിനിറ്റിസ് - 60% പൂർത്തീകരിച്ചു

സ്ട്രീറ്റ് സ്കേപ്പ് -90% പൂർത്തീകരിച്ചു.

ഇല്ലിക്കുന്ന് ചർച്ച്- 85% പൂർത്തീകരിച്ചു.

ആണ്ടല്ലൂർ കാവ് -90% പൂർത്തീകരിച്ചു.

മക്രേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം – 70% പൂർത്തീകരിച്ചു.

ലോകനാർക്കാവ് ക്ഷേത്രം -66% പൂർത്തീകരിച്ചു.

തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം -66% പൂർത്തീകരിച്ചു.

**<u>ടെണ്ടർ ചെയ്യേണ്ടവ</u>**

മുൻസിപ്പൽ സ്റ്റേഡിയം (THP ഓഫീസ്)

കക്കുളങ്ങര മോസ്ക്

ഓടത്തിൽ മോസ്ക് & പാരീസ് ഹോട്ടൽ സ്ട്രീറ്റ്

**<u>എഗ്രിമെന്റ് ചെയ്യേണ്ടവ</u>**

വൈരിഗാത്തക ക്ഷേത്രം

**<u>റീ ടെണ്ടർ ചെയ്യേണ്ടത് 4 എണ്ണം</u>**

തൃശില്ലേരി മഹാദേവ ക്ഷേത്രം

തിരുന്നെല്ലി മഹാ വിഷ്ണു ക്ഷേത്രം

**<u>ഉപേക്ഷിക്കേണ്ട ഘടകം- 1</u>**

പഴശ്ശി പാലസ് (കോട്ടയം മലബാർ) ഉടമസ്ഥരിൽ നിന്നും NOC ലഭിക്കാത്തതുകാരണം പദ്ധതി നടപ്പിലാക്കുവാൻ സാധ്യമല്ല.

തലശ്ശേരി ഹെറിറ്റജ് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 37.212 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണ് ഉള്ളത്.

**<u>പൂർത്തീകരിച്ച ഘടകങ്ങൾ</u>**

വള്ളിയൂർക്കാവ് സ്ട്രീറ്റ്സ്കേപ് – പ്രവൃത്തി പൂർത്തീകരിച്ചു. വള്ളിയൂർക്കാവ് കൺവെൻഷൻ സെന്ററിന്റെ റീ ടെണ്ടർ ചെയ്യേണ്ടതുണ്ട്.

**<u>പുരോഗമിക്കുന്ന ഘടകങ്ങൾ-</u>**

പുരളിമല ക്ഷേത്രം (മാലൂർ പുരളിമല ചിത്രപീഠം മുത്തപ്പൻ മഠപ്പുര) – 25% പ്രവൃത്തി ആരംഭിച്ചു.

ശ്രീ ചിറയ്ക്കകാവ് ഭഗവതി ക്ഷേത്രം – 20% പ്രവൃത്തി ആരംഭിച്ചു

**<u>സെലക്ഷൻ നോട്ടീസ് നൽകിയത് –</u>**

ശ്രീ ഊർപഴശ്ശിക്കാവ് ക്ഷേത്രം

**<u>ടെണ്ടർ ചെയ്തത്</u>**

ശ്രീ പെരളശ്ശേരി ക്ഷേത്രം

പഴശ്ശി കോവിലകം (മട്ടന്നൂർ)

**<u>ടെണ്ടർ ചെയ്യേണ്ടവ</u>**

ശ്രീ മൃദംഗ ശൈലേശ്വരി ക്ഷേത്രം

ളുടിക്കലം ശിവാ ക്ഷേത്രം

**<u>പാക്കേജ് അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നത്.</u>**

കതിരൂർ സൂര്യനാരായണ ക്ഷേത്രം

ശ്രീ തച്ചോളിമാണിക്കോത്ത് ക്ഷേത്രം

**<u>ഡ്രോയിംഗ് റിവിഷൻ ആവശ്യമായവ</u>**

അറയ്ക്കൽക്കെട്ട്

| | | | |
|---|---|---|---|
| | | | **<u>റീ ടെണ്ടർ ചെയ്യേണ്ടവ</u>**<br><br>വടകര താഴെ അങ്ങാടി<br><br>തലയ്ക്കൽ ചന്തു മ്യൂസിയം , പനമരം<br><br>**<u>എഗ്രിമെന്റ് ഫോർക്ലോസ്ഡ് ആയത്</u>**<br><br>പഴശ്ശിരാജ സ്മൃതി മണ്ഡപം |
| (സി) | തെക്കൻ കേരളത്തിലെ പൈതൃക കെട്ടിടങ്ങളും പുരാണ ക്ഷേത്രങ്ങളും പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള തിരുവിതാംകൂർ പൈതൃക പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട് . തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ തലസ്ഥാന നഗരിയിലെ 30 പൈതൃക കെട്ടിടങ്ങളിൽ അവയുടെ പൗരാണികതയും വാസ്തുവിദ്യയും വെളിവാകത്തക്ക വിധത്തിൽ ദീപാലംകൃതമാക്കുന്നതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 18 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ